കേരള സർക്കാർ
പൊതു വിദ്യാഭ്യാസ വകുപ്പ്









# പുതുയുഗ കേരളത്തിനായി നൂറു ദിന കർമ്മപദ്ധതി

പൊതുവിദ്യാഭ്യാസ,
ന്യൂനപക്ഷ ക്ഷേമ, വഖഫ് വകുപ്പുകൾ

MISSION 100 Days






MISSION 100 Days

01 കിരണം

02 മുകുളം

03 പ്രതിഭാശ്രീ

04 താരാപഥം

05 റിവൈവ്

06 മധുരിതം

07 എറൈസ് (ARISE)

08 ഡിജിറ്റൽ സ്ക്വയർ

09 റിസോൾവ്

10 സ്കൂൾ കായികമിത്രം

11 സാരഥി

12 സുപഥം

13 ലീഡ്

14 കൂടെ

15 സ്കൂൾ വിക്കിത്തോൺ

16 അക്വാഫിറ്റ്

കേരള സർക്കാർ
പൊതു വിദ്യാഭ്യാസ വകുപ്പ്



# ഒരുമിക്കാം
# പ്രയത്നിക്കാം
# മുന്നേറാം...

ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും അതിവേഗം വികസനം; അതാണ് ബഹു: മുഖ്യമന്ത്രി ശ്രീ വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് സർക്കാരിന്റെ സുചിന്തിതമായ നിലപാട്. അതിന് വേണ്ടി സർക്കാരിന്റെ എല്ലാ വകുപ്പുകളേയും കൂട്ടിയിണക്കി പ്രഖ്യാപിച്ചതാണ് 100 ദിന കർമ്മപരിപാടി. ഈ സർക്കാർ അധികാരമേറ്റെടുത്തതിന് ശേഷമുള്ള സുപ്രധാന തീരുമാനമാണിത്. കേരളത്തിന് പൊതുവായി ആവശ്യമുള്ള, അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങൾ 100 ദിവസങ്ങൾ കൊണ്ട് പൂർത്തീകരിക്കുക എന്നതാണ് കർമ്മ പദ്ധതിയുടെ ലക്ഷ്യം.

പൊതുസമൂഹവുമായി നേരിട്ടും, പരോക്ഷവുമായി ഏറ്റവുമധികം ബന്ധപ്പെട്ടതാണ് പൊതു വിദ്യാഭ്യാസ വകുപ്പ്. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ലക്ഷക്കണക്കിന് കുട്ടികൾ നേരിടുന്ന നിരവധി വിഷയങ്ങൾ, അധ്യാപകർ ഉൾപ്പെടെ ജീവനക്കാർ അനുഭവിക്കുന്ന അക്കാദമിക-സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ, എല്ലാം പരിഹരിക്കപ്പെടണം. തലമുറകളുടെ ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യുന്ന, സമൂഹത്തിന്റെ പ്രതീക്ഷകളുടെയും തദനുസൃതമായ പ്രയത്നങ്ങളുടെയും ഇടം കൂടിയാണിത്.

വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എല്ലാ ഘടകങ്ങളിലെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പ്രവർത്തനങ്ങളുടെ തുടക്കമാകുകയും, ചിലത് പൂർണ്ണമായും പരിഹരിക്കപ്പെടുകയും ചെയ്യുന്ന കാലയളവായി UDF സർക്കാരിന്റെ 100 ദിനങ്ങൾ മാറുകയാണ്. സംതൃപ്തരായ വിദ്യാർഥി- അധ്യാപക സമൂഹങ്ങളാണ് വിദ്യാഭ്യാസ മേഖലയുടെ സൗന്ദര്യം. ചർച്ചകളുടെയും സമവായത്തിന്റെയും ദീർഘവീക്ഷണത്തിലധിഷ്ഠിതമായ തീരുമാനങ്ങളുടെയും ജനാധിപത്യ ഇടങ്ങൾ തിരിച്ചുപിടിക്കണം.

പൊതുവിദ്യാലയങ്ങളിലെ പതിനൊന്ന്, പന്ത്രണ്ട് ക്ലാസിലെ എല്ലാ കുട്ടികൾക്കും സ്കൂൾ പഠനത്തിനൊപ്പം മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ സജ്ജരാകുന്നതിനുള്ള ഗുണമേന്മയുള്ള ഫൗണ്ടേഷൻ കോഴ്സുകൾ, മൈനസ് ടു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലെ അക്കാദമിക നിലവാരം ഉയർത്താനുള്ള സമഗ്ര ഡിജിറ്റൽ അക്കാഡമിക മോണിറ്ററിങ് സംവിധാനം, ഏറെക്കാലമായി നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകർക്ക് നിയമനാംഗീകാരം, കുട്ടികൾ ഭാഷാ-ഗണിത മേഖലയിൽ ആർജ്ജിക്കേണ്ടതായ അടിസ്ഥാന നൈപുണികൾ ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ.. തുടങ്ങി നിരവധി പദ്ധതികൾ തുടക്കം കുറിക്കാനാണ് ഈ ചെറിയ കാലയളവിനുള്ളിൽ ലക്ഷ്യമിടുന്നത്.

അതിന് വേണ്ടി നമുക്ക് ഒരുമിക്കാം, പ്രയത്നിക്കാം, മുന്നേറാം.

സ്നേഹാദരങ്ങളോടെ,

**എൻ. ഷംസുദ്ദീൻ**
(പൊതുവിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ, വഖഫ് വകുപ്പ് മന്ത്രി)






# പുതുയുഗ കേരളത്തിനായി
# നൂറു ദിന കർമ്മപദ്ധതി

MISSION 100 Days

## 01 കിരണം

ഭിന്നശേഷി നിയമനത്തിനായി നിശ്ചിത തസ്തികകൾ മാറ്റിവെച്ചിട്ടുള്ള എല്ലാ മാനേജ്മെന്റുകൾക്കും കീഴിലുള്ള എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുന്നു.

- 13.07.2026 വരെ നടത്തിയ എല്ലാ റോസ്റ്റർ എൻട്രിയും ബന്ധപ്പെട്ട ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ 20.07.2026 ന് മുമ്പ് പരിശോധന പൂർത്തീകരിച്ചു.
- റോസ്റ്റർ പരിശോധനക്ക് ശേഷം ഭിന്നശേഷി സംവരണം മൂലം അംഗീകാരം തടസ്സപ്പെട്ടു കിടക്കുന്ന എല്ലാ നിയമന ഫയലുകളും അംഗീകാരത്തിനായി പരിഗണിക്കുന്നു.
- വിദ്യാഭ്യാസ ഓഫീസർ തലത്തിൽ അംഗീകാര നടപടികൾ ആഗസ്റ്റ് 14 നുള്ളിൽ പൂർത്തീകരിക്കുന്നു.
- അപ്പീലുകൾ ജില്ലാ തലത്തിൽ സെപ്റ്റംബർ 11 നകവും പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ സെപ്റ്റംബർ 30 നകവും തീർപ്പാക്കുന്നു.

നിർവഹണം : DGE

## 02 മുകുളം

**മത്സര പരീക്ഷാ പരിശീലനത്തിന് അവസര സമത്വം**

പൊതുവിദ്യാലയങ്ങളിലെ പതിനൊന്ന്, പന്ത്രണ്ട് ക്ലാസിലെ എല്ലാ കുട്ടികളെയും സ്കൂൾ പഠനത്തിനൊപ്പം NEET, JEE, KEAM, CUET, തുടങ്ങിയ മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ സജ്ജരാക്കുന്നതിനുള്ള ഗുണമേന്മയുള്ള ഫൗണ്ടേഷൻ കോഴ്സുകൾ പൊതുവിദ്യാഭ്യാസത്തോടൊപ്പം നൽകുന്നു.

- മത്സര പരീക്ഷാ പരിശീലന പോർട്ടൽ സജ്ജമാക്കൽ
- ഒന്നാം ടേമിലെ ഡാറ്റാസെറ്റും റിസോഴ്സ് നിർമാണവും
- സ്കൂളുകൾ സജ്ജമാക്കൽ
- പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള പരിശീലനം
- പോർട്ടൽ ഉപയോഗിക്കുന്നതിന് എല്ലാ വിദ്യാർത്ഥികളെയും സജ്ജമാക്കൽ

നിർവഹണം : KITE

## 03 പ്രതിഭാശ്രീ

പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്കൂൾ ഓഫ് എക്സലൻസ് അവാർഡ് നൽകുന്നു..

- സ്കൂളുകളുടെ ഗ്രേഡിംഗ്
- ഉപജില്ലാ, ജില്ലാ, സംസ്ഥാനതല തിരഞ്ഞെടുപ്പ്
- മികച്ച എൽ.പി, യു.പി, എച്ച്. എസ്, എച്ച്.എസ്.എസ് സ്കൂളുകൾക്ക് സെപ്റ്റംബർ 5 ന് പുരസ്കാര വിതരണം.
- ഒന്നാം സ്ഥാനം 5 ലക്ഷം, രണ്ടാം സ്ഥാനം 3 ലക്ഷം, മൂന്നാം സ്ഥാനം 1 ലക്ഷം.

നിർവഹണം : DGE





## 04 താരാപഥം

അക്കാദമിക നിലവാരം പരിപോഷിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം. പൊതുവിദ്യാഭ്യാസ മേഖലയിൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായുള്ള സമഗ്ര ഡിജിറ്റൽ അക്കാദമിക മോണിറ്ററിങ് സംവിധാനം.

- അധ്യാപന ആസൂത്രണവും വികേന്ദ്രീകൃത മോണിറ്ററിങ്ങും
- സ്വയംപഠന വിഭവങ്ങളും ഡിജിറ്റൽ പോർട്ടലും
- സ്റ്റുഡന്റ് പ്രൊഫൈലിങ്ങും സമഗ്ര പഠന പിന്തുണയും
- ഏകീകൃത പരീക്ഷാ വിശകലന സംവിധാനം
- അക്കാദമിക മോണിറ്ററിങ് ഡാഷ്ബോർഡ് (Multi-Tier Dashboard)

നിർവഹണം : KITE





## 05 റിവൈവ്

എല്ലാ എൽ.പി, യു.പി സ്കൂളുകളിലും അടിസ്ഥാന ഗണിതം, മലയാളം, ഇംഗ്ലീഷ് പഠന കളരികൾ സജ്ജമാക്കൽ, ഗണിത-ഭാഷാ പോഷണം.

- സ്കൂളുകളിൽ ഗണിതം, മലയാളം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തൽ.
- പ്രീ ടെസ്റ്റ്
- സമഗ്ര ശിക്ഷ ട്രെയിനർമാർ മുഖേന പ്രത്യേക പരിശീലനം
- പോസ്റ്റ് ടെസ്റ്റ്

നിർവഹണം : SSK

## 06 മധുരിതം

ഏകാധ്യാപക വിദ്യാലയങ്ങളുടെ നവീകരണത്തിനുള്ള പദ്ധതി. ആദിവാസി-ഗോത്രവിഭാഗങ്ങൾ, തീരദേശമേഖല എന്നിവിടങ്ങളിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ഒറ്റപ്പെട്ട വിദ്യാർഥികൾക്ക് പഠനം ഉറപ്പുവരുത്തുന്നതിനായി 1997 ൽ ആരംഭിച്ച് തുടർന്നുപോരുന്ന ഏകാധ്യാപക വിദ്യാലയങ്ങൾക്ക് (MGLC) എൽ.പി സ്കൂൾ പദവി നൽകും.

- സർവ്വേ നടപടികൾ
- വിശദമായ പ്രൊപ്പോസൽ തയ്യാറാക്കൽ
- സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കൽ
- അർഹതയുള്ള വിദ്യാലയങ്ങളെ പ്രൈമറി സ്കൂൾ ആക്കിയുള്ള പ്രഖ്യാപനം

നിർവഹണം : DGE

# 07 എറൈസ് (ARISE)

കേരളത്തിലെ ഹൈസ്കൂളുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), റോബോട്ടിക്സ് (Robotics) സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ അത്യാധുനിക പരീക്ഷണശാലകൾ സ്ഥാപിക്കുന്നതിനും ഈ മേഖലകളുമായി ബന്ധപ്പെട്ട അടിസ്ഥാന അവബോധം കുട്ടികളിൽ ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള വിദ്യാഭ്യാസ പദ്ധതിയാണ് ARISE (AI & Robotics Initiative for School Education).

- കുട്ടികളെ നിർമിത ബുദ്ധി, റോബോട്ടിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യ (Future-Ready Tech Exposure) പരിചയപ്പെടുത്തുക.
- നിർമിതബുദ്ധിയുടെയും (AI) മെഷീൻ ലേണിംഗിന്റെയും റോബോട്ടിക്സിന്റെയും അടിസ്ഥാന തത്വങ്ങൾ സ്കൂൾ തലത്തിൽ തന്നെ പരീക്ഷിച്ച് പഠിക്കാൻ അനുയോജ്യമായ Advanced Robotic ലാബ് അന്തരീക്ഷം ഒരുക്കുക.
- പഠനപ്രവർത്തനങ്ങൾ മികച്ച രീതിയിൽ നയിക്കുന്നതിനായി അധ്യാപകർക്ക് ആധുനിക AI ടൂളുകളിലും റോബോട്ടിക്സ് ഉപയോഗത്തിലും വിദഗ്ധ പരിശീലനം നൽകുക.
- സാമൂഹിക പ്രസക്തിയുള്ള കണ്ടുപിടുത്തങ്ങൾ: കൃഷി, ആരോഗ്യം, ട്രാഫിക്, കുടിവെള്ളം തുടങ്ങിയ മേഖലകളിലെ യഥാർത്ഥ പ്രശ്നങ്ങളെ ഡിസൈൻ തിങ്കിംഗ് സമീപനത്തിലൂടെ വിശകലനം ചെയ്ത്, ഉപയോക്തൃ കേന്ദ്രീകൃതമായ പരിഹാരങ്ങൾ റോബോട്ടിക്സും നിർമിതബുദ്ധിയും (AI) ഉപയോഗിച്ച് രൂപകൽപന ചെയ്യാനും, മാതൃകകൾ വികസിപ്പിച്ച് പരീക്ഷിച്ച് മെച്ചപ്പെടുത്താനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- നിർമിതബുദ്ധിയെ ധാർമികമായും സുരക്ഷിതമായും നീതിപൂർവകമായും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കാൻ ആവശ്യമായ അറിവും മൂല്യബോധവും വിമർശനാത്മക ചിന്താശേഷിയും കുട്ടികളിൽ വളർത്തിയെടുക്കുക.

നിർവഹണം : KITE
















## 08 ഡിജിറ്റൽ സ്ക്വയർ

ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിലെ കുട്ടികളിൽ കളിയിലൂടെയുള്ള പഠനം (Gamified Learning), ഡിജിറ്റൽ സാക്ഷരത, സർഗ്ഗാത്മകത, സ്വയംപഠനശേഷി എന്നിവ ആധുനിക ഐ.സി.ടി (ICT) സാങ്കേതികവിദ്യകളുടെ സഹായത്തോടെ വികസിപ്പിക്കുന്ന നൂതന വിദ്യാഭ്യാസ പദ്ധതി.

- കളിയിലൂടെയുള്ള പഠനം
- ഡിജിറ്റൽ സുരക്ഷിതത്വം
- സർഗ്ഗാത്മകതയും ജീവിതനൈപുണിയും
- ഡിജിറ്റൽ വിടവ് ഇല്ലാതാക്കൽ
- എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം (Inclusive)

നിർവഹണം : KITE

## 09 റിസോൾവ്

പൊതുവിദ്യാഭ്യാസ മേഖലയിൽ ദീർഘകാലമായി പരിഹരിക്കപ്പെടാതെ നിലനിൽക്കുന്ന നിയമനം, സേവന-വേതനം, അംഗീകാരം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് DGE, RDD, AD, DD, DEO തലങ്ങളിൽ പ്രശ്നപരിഹാര സർവീസ് ക്ലിനിക്കുകൾ സംഘടിപ്പിക്കും.

- നിയമനാംഗീകാരം വേഗത്തിൽ നൽകുന്നതിന് മാർഗരേഖ തയ്യാറാക്കുന്നു.
- മാർഗരേഖയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് ആമുഖ പരിശീലനം.
- ഉപജില്ല/ജില്ല/റവന്യൂ ജില്ല/ സംസ്ഥാനതലത്തിൽ അദാലത്ത്.

നിർവഹണം : DGE

## 10 സ്കൂൾ കായികമിത്രം

വിദ്യാർത്ഥികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുന്നതിനും, അഭിരുചി വളർത്തുന്നതിനുമായി പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിൽ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തനം ആരംഭിക്കുന്നു.

- കായിക അധ്യാപകരുള്ള സ്കൂളുകളിലാണ് പദ്ധതി.
- സി.എസ്.ആർ/പൂർവ വിദ്യാർത്ഥി ഫണ്ട് ഉപയോഗിക്കുന്നു.
- ഓരോ സ്കൂളിലും ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, ടെന്നീസ് എന്നീ ഗെയിമുകൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം.
- വിദ്യാർത്ഥികൾക്ക് കായിക പിരീഡിലും സ്കൂൾ സമയത്തിന് ശേഷവും പരിശീലനം നൽകുന്നു.

നിർവഹണം : DGE

## 11 സാരഥി

- ഭിന്നശേഷി വിദ്യാർത്ഥികൾ, പഠന വൈകല്യം ഉള്ളവർ എന്നിവർക്കുള്ള സമഗ്ര അക്കാദമിക ആരോഗ്യ വികസന നയം
- എസ്.സി.ഇ.ആർ.ടി ശില്പശാലയിലൂടെ കരട് നയം തയ്യാറാക്കൽ തുടർന്ന് പ്രഖ്യാപനം

നിർവഹണം : SCERT

## 12 സുപഥം

No to Drugs എന്ന പേരിൽ ലഹരിവിരുദ്ധ യജ്ഞം വഴി വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ ലഹരി വിരുദ്ധ ബോധവത്കരണം നൽകുന്നു. വിദ്യാലയങ്ങളും സമീപ പ്രദേശങ്ങളും ലഹരി വിൽപന വിരുദ്ധ മേഖലകളാക്കും. ലഹരി വിപത്തിനെതിരെ സ്കൂൾതല പ്രചാരണം നടത്തുന്നതിന് രക്ഷിതാക്കൾ, കുട്ടികൾ, അധ്യാപകർ, പൊതുപ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ച് മാസാന്ത്യ സ്കൂൾ ലഹരി വിരുദ്ധ സഭ സംഘടിപ്പിക്കും.

- ലഹരിവിരുദ്ധ സഭകൾ രൂപീകരിക്കുന്നതിനുള്ള മാർഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.
- എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ സഭകൾ രൂപീകരിച്ച് കർമ്മപദ്ധതി തയ്യാറാക്കുന്നു.
- രക്ഷാകർത്താക്കൾ, കുട്ടികൾ, അധ്യാപകർ, പൊതുപ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ച് ലഹരി വിപത്തിനെതിരെ വിവിധ പ്രവർത്തനങ്ങൾ.
- ലഹരിവിരുദ്ധ സഭ അംഗങ്ങളെ പങ്കെടുപ്പിച്ച് സെപ്റ്റംബറിൽ എറണാകുളത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംഗമം.

നിർവഹണം : DGE



## 13 ലീഡ്

പ്രാദേശിക ആവശ്യം പരിഗണിച്ച് ആവശ്യമായ പഠനം നടത്തി ഹയർസെക്കൻഡറി ബാച്ചുകൾ അനുവദിക്കും.

നിർവഹണം : DGE

## 14 കൂടെ

സീറോ ഡ്രോപ്പ് ഔട്ട് മിഷൻ. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായി ഇല്ലാതാക്കുക ലക്ഷ്യം. സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മേഖലകൾക്ക് പ്രത്യേക പദ്ധതികൾ. 2026-27 അധ്യയന വർഷം കൊഴിഞ്ഞുപോക്ക് സാധ്യതയുള്ള കുട്ടികളുടെ പട്ടിക തയ്യാറാക്കി 1001 ഭവന സന്ദർശനങ്ങൾ നടത്തും.

- കൊഴിഞ്ഞു പോകുന്ന കുട്ടികളെ സംബന്ധിച്ചുള്ള വിവര ശേഖരണം.
- ഗോത്രവർഗം, തീരദേശം, തോട്ടം മേഖല എന്നിവിടങ്ങളിലെ സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് പ്രത്യേകം പരിശോധിക്കും.
- കൊഴിഞ്ഞു പോകുന്നതിനുള്ള കാരണം കണ്ടെത്തുന്നു.
- ജനപ്രതിനിധികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരുടെ ഗൃഹ സന്ദർശനം
- കൊഴിഞ്ഞു പോകുന്നതിനുള്ള കാരണം പരിഹരിച്ച് വിദ്യാർത്ഥികളെ സ്കൂളിൽ തിരികെ എത്തിക്കുന്നു.

നിർവഹണം : DGE



## 15 സ്കൂൾ വിക്കിത്തോൺ

കേരളത്തിലെ മുഴുവൻ പൊതു വിദ്യാലയങ്ങളേയും കോർത്തിണക്കി പൊതുജനപങ്കാളിത്തത്തോടെ സജ്ജമാക്കിയ ഡിജിറ്റൽ വിജ്ഞാനശേഖരമായ സ്കൂൾവിക്കിയുടെ അപ്ഡേഷൻ ലക്ഷ്യമാക്കിയുള്ള യജ്ഞം.

- കേരളത്തിലെ ഓരോ പൊതുവിദ്യാലയത്തിന്റെയും പ്രാദേശിക ചരിത്രം, അവ രൂപീകൃതമായ പശ്ചാത്തലം, വിദ്യാലയത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ, പ്രശസ്തരായ പൂർവവിദ്യാർഥികൾ, തുടങ്ങിയ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ വരുംതലമുറയ്ക്കായി തുടർച്ചയായും കാലികമായും രേഖപ്പെടുത്തി സൂക്ഷിക്കുന്ന സംസ്കാരം വളർത്തിയെടുക്കും.
- പൊതുജനപങ്കാളിത്തത്തോടെ വിവരശേഖരണം നടത്തി പ്രാദേശികമായ വിവരങ്ങളും സ്കൂൾ മാഗസിനുകളും വിക്കിപീഡിയ മാതൃകയിൽ തയ്യാറാക്കി പൊതുവിടത്തിൽ പ്രസിദ്ധീകരിക്കാൻ അധ്യാപകരേയും വിദ്യാർത്ഥികളേയും പ്രാപ്തരാക്കുക.
- വിദ്യാലയത്തിന്റെ അടിസ്ഥാനവിവരങ്ങൾ സമയബന്ധിതമായി കൃത്യതപ്പെടുത്തുക.

നിർവഹണം : KITE

## 16 അക്വാഫിറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കും.

- കുട്ടികളുടെ നീന്തൽ പരിശീലനത്തിന് പര്യാപ്തമായ നീന്തൽ കുളങ്ങൾ കണ്ടെത്തുന്നു.
- ഓരോ നീന്തൽ കുളത്തിനും 5 കിലോമീറ്റർ പരിധിയിൽ ഉള്ള സ്കൂളുകളിലെ കുട്ടികളെ കണ്ടെത്തി ബാച്ചുകൾ ആയി പരിശീലനം നൽകുന്നു.
- 100 ദിനത്തിൽ കുറഞ്ഞത് 1000 കുട്ടികൾക്ക് പരിശീലനം നൽകുന്നു.

നിർവഹണം : DGE

## ന്യൂനപക്ഷ ക്ഷേമ വകുപ്പ്

**പുതിയ പരിശീലന കേന്ദ്രങ്ങൾ**

- നിലവിൽ പ്രവർത്തിച്ചുവരുന്ന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ശാസ്ത്രീയവും കാര്യക്ഷമവുമായ രീതിയിൽ പുനഃസംഘടിപ്പിക്കും.
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പുതിയതായി അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.
- 2011-ലെ UDF സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങളിലെ അഭ്യസ്ഥവിദ്യരായ യുവതി യുവാക്കൾക്ക് സൗജന്യ മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ സംസ്ഥാന വ്യാപകമായി ആംരഭിച്ചിരുന്നു. പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം ഇപ്പോൾ അങ്ങേയറ്റം ശോചനീയാവസ്ഥയിലാണ്. നിർധനരും തൊഴിൽ രഹിതരുമായ യുവതി യുവാക്കൾക്ക് ഭീമമായ ഫീസ് നൽകി മത്സര പരീക്ഷകൾക്ക് പരിശീലനം നേടാൻ കഴിയാത്ത സാഹചര്യത്തിലാണ് സർക്കാർ ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചത്. ഇതിന്റെ പ്രാധാന്യം പരിഗണിച്ച് കൂടുതൽ കേന്ദ്രങ്ങൾ ശാസ്ത്രീയമായി പുനസംഘടിപ്പിച്ച് മികച്ച പ്രയോജനം ഗുണഭോക്താക്കൾക്ക് എത്തിക്കുകയാണ് ലക്ഷ്യം.
- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നിലവിൽ മത്സരപരീക്ഷാ പരിശീലനം ലഭ്യമാകാത്ത സാഹചര്യത്തിൽ പുതിയ കേന്ദ്രങ്ങൾ കണ്ടെത്തി അഭ്യസ്തവിദ്യർക്ക് പരിശീലനം നൽകും. തീരദേശ-മലയോര പ്രദേശങ്ങൾക്ക് പരിഗണന നൽകി താനൂർ, ഗുരുവായൂർ, വെള്ളമുണ്ട, ഇടവ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ അഞ്ച് പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

## വഖഫ് ബോർഡ്

- കേരള സംസ്ഥാന വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് സംസ്ഥാനത്തെ വഖഫ് സ്ഥാപനങ്ങളിലെ മുത്തവല്ലിമാരെ പ്രാപ്തരാക്കും. ഇതിനായി പരിശീലന വർക്ക്ഷോപ്പുകൾ ഡിവിഷണൽ ഓഫീസുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കും.
- 2025-ലെ ഉമീദ് (UMEED) ആക്ട് പ്രകാരം വഖഫ് ബോർഡുകളുടെ പ്രവർത്തനത്തിലും നിയന്ത്രണത്തിലും വ്യാപകമായ പരിഷ്കാരങ്ങൾ നടന്നിട്ടുണ്ട്. ഇതേ തുടർന്ന് സംസ്ഥാനത്തെ വഖഫുകൾ കൈകാര്യം ചെയ്യുന്ന മുത്തവല്ലിമാർക്കും അനുബന്ധ പ്രവർത്തകർക്കും ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി.











കേരള സർക്കാർ
പൊതു വിദ്യാഭ്യാസ വകുപ്പ്

MISSION 100 Days

# പുതുയുഗ കേരളത്തിനായി
# നൂറു ദിന കർമ്മപദ്ധതി



Printed and published by Kerala Infrastructure and Technology for Education (KITE)
on behalf of General Education Department, Government of Kerala / design: anilraj